**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 461** **06-12-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്, കോവിഡ് കാലയളവിൽ വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകളും സ്കാനർ, ഗ്ലൗസ്, മാസ്ക്ക് തുടങ്ങിയ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകളിൽ ധനകാര്യവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങളെ കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)- ൽ ആരംഭിച്ച പരിശോധന അന്തിമ ഘട്ടത്തിലാണ് . |
| (ബി) | പ്രസ്തുത അന്വേഷണം തുടങ്ങിയത് എന്നാണെന്ന് വെളിപ്പെടുത്താമോ; | (ബി) | 11.01.2022 |
| (സി) | കെ.എം.എസ്.സി.എൽ.-ൽ നിന്നും ഫയലുകൾ ലഭ്യമാകാത്തത് കൊണ്ടാണോ അന്വേഷണം നീണ്ടുപോകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കെ.എം എസ് സി എൽ- ൽ നിലവിൽ പുരോഗമിക്കുന്ന പരിശോധനയുടെ ഭാഗമായി പരിശോധനാ സംഘം ആവശ്യപ്പെടുന്ന മുറയ്ക്ക് ഫയലുകൾ ലഭ്യമാക്കിവരുന്നു.കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 2020 ജനുവരി മുതൽ 2021 നവംബർ വരെയുള്ള കാലയളവിൽ കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള മരുന്നുകളുടെയും മറ്റ് ഉപകരണങ്ങളുടെയും പർച്ചേസുമായി ബന്ധപ്പെട്ട ഇടപാടുകളുടെയും, ഫയലുകളുടെയും, അനുബന്ധ രേഖകളുടെയും ബാഹുല്യം നിമിത്തമാണ് അന്വേഷണം നീണ്ടുപോകുന്നത് . |
| (ഡി) | പ്രസ്തുത അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ; | (ഡി) | പരിശോധന വേളയിൽ ധനകാര്യ പരിശോധനാ വിഭാഗം നൽകുന്ന അന്വേഷണക്കുറിപ്പുകൾക്ക് ലഭിക്കുന്ന മറുപടികൾ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം/ അഭിപ്രായം |

| | | | |
|---|---|---|---|
| | | | തേടേണ്ടതും, പ്രസ്തുത മറുപടികൾ കൂടി പരിശോധിച്ച് മാത്രമേ അന്തിമ നിഗമനത്തിൽ എത്താൻ കഴിയൂ. നിലവിൽ കെ.എം.എസ്.സി.എൽ - ലെ പരിശോധനയുടെ ഭാഗമായി നൽകിയിട്ടുള്ള അന്വേഷണകുറിപ്പുകൾക്കു ലഭിച്ച മറുപടികളും ആയതിനെ തുടർന്ന് നൽകിയ തുടർ അന്വേഷണ കുറിപ്പുകൾക്ക് ലഭ്യമായ മറുപടികളുടെ വിശകലനവും നടന്നുവരുന്നു. പ്രസ്തുത പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ് . |
| (ഇ) | അന്വേഷണം നീണ്ടുപോകുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ